**'ഭരണഭാഷ - മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - പദ്ധതി പുനഃക്രമീകരണം - 2024-2025 സാമ്പത്തിക വർഷത്തിൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുഖേന ഭരണാനുമതി നൽകിയിട്ടുള്ള ഉത്തരവുകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

**സ.ഉ. (സാധാ) നം.42/2025/വശിവിവ          തീയതി, തിരുവനന്തപുരം, 30.01.2025**

---

പരാമർശം:-

1. 26.06.2024 തീയതിയിലെ വനിത ശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം.
2. 15.07.2024-ലെ സ.ഉ.(സാധാ)നം. 234/2024/വശിവിവ നമ്പർ ഉത്തരവ്.
3. 19.07.2024-ലെ സ.ഉ.(സാധാ)നം.251/2024/വശിവിവ നമ്പർ ഉത്തരവ്.
4. 17.07.2024-ലെ സ.ഉ.(പി) നം.57/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
5. 31.08.2024-ലെ സ.ഉ.(അച്ചടി) നം.78/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
6. 10.01.2025-ലെ സ.ഉ.(സാധാ) നം.15/2025/വശിവിവ നമ്പർ ഉത്തരവ്.
7. വനിത ശിശു വികസന ഡയറക്ടറുടെ 22.01.2025 തീയതിയിലെ DWCD/6585/2024-PC1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ പദ്ധതികൾ/പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് പരാമർശം 4,5 പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന ഡയറക്ടറേറ്റിന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ഉപരിയായി ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും ഭേദഗതികൾ വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള വനിത ശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ച പരാമർശം (2), (3)

ഉത്തരവുകളിലുള്ള പദ്ധതികളുടെ ഭരണാനുമതി തുക പുനഃക്രമീകരിച്ച നൽകുന്നതിലേക്കായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (7) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നടപ്പ സാമ്പത്തിക വർഷം പരാമർശം (1) പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ച പരാമർശം (2), (3) ഉത്തരവുകളിലുള്ള ഭരണാനുമതി തുക ചുവടെ പറയും പ്രകാരം പുനഃക്രമീകരിച്ചുകൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതി | ശീർഷകം | ഭരണാനുമതി ഉത്തരവ് | ഭരണാനുമതി തുക | പുനഃക്രമീകരിച്ച തുക |
|---|---|---|---|---|---|
| 1 | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനത്തിന് 2024-25 വർഷം തുക അനുവദിക്കുന്നത് സംബന്ധിച്ച് | 2235-02-103-68-03(P) | പരാമർശം - 2 | 1,28,65,000 | 64,33,000 |
| 2. | ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിന് 2024-25 വർഷം തുക അനുവദിക്കുന്നത് സംബന്ധിച്ച്. | | പരാമർശം - 3 | 2,22,60,000 | 1,11,30,000 |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സന്തോഷ് കുമാർ ടി.കെ.**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വനിത ശിശു വികസന (ബി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.